**Malayala Manorama**

**17 August 2018**

**Thodupuzha, Idukki Dam, Storage Capacity**

# ഇടുക്കി പരമാവധി സംഭരണ ശേഷിയിലേക്ക്

തൊടുപുഴ ● തുടർച്ചയായി പെയ്യുന്ന മഴയിൽ ഇടുക്കി ഡാമിലെ ജലനിരപ്പ് അനുവദനീയ ജലനിരപ്പായ 2403 അടിയിലേക്ക് അടുക്കുന്നു. ഇന്നലെ രാത്രി എട്ടിനു ജലനിരപ്പ് 2402. 2 അടിയിലെത്തി. 2403 അടിയിലേക്ക് അടുത്തതോടെ അണക്കെട്ടിൽ നിന്നു വെള്ളം ഒഴുക്കിവിടുന്നതിന്റെ അളവു കൂട്ടിയിട്ടുണ്ട്. ചെറുതോണി അണക്കെട്ടിന്റെ അഞ്ചു ഷട്ടറുകളും തുറന്നിരിക്കുകയാണ്. എത്രയാണ് ഉയർത്തിയിരിക്കുന്നതെന്ന് ഔദ്യോഗിക അറിയിപ്പുകൾ രണ്ടു ദിവസമായി നൽകുന്നില്ല. അണക്കെട്ടിൽ നിന്ന് സെക്കൻഡിൽ അഞ്ചിന് സെക്കൻഡിൽ രണ്ടുലക്ഷം ലീറ്ററായി വർധിപ്പിച്ചു.